**ശ്രീകൃഷ്ണപുരം ഗ്രാമ ന്യായാലയ മുമ്പാകെ**

**ഹാജർ: രജിത കെ ആർ, (എം.കോം, എൽ.എൽ.ബി), ന്യായാധികാരി**

( വർഷം 2026 മെയ് മാസം 14 ആം തിയതി , വ്യാഴം)

(1948 ആം ആണ്ട് വൈശാഖം 24 ആം തിയ്യതി)

**ST നമ്പർ:6/2020**

| | | |
|---|---|---|
| പരാതിക്കാരൻ | : | കേരള സർക്കാറിനെ പ്രതിനിധികരിച്ച് സ്റ്റേഷൻ ഹൗസ് ഓഫീസർ ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ<br>(ക്രൈം നമ്പർ : 7/2020)<br>ശ്രീ.മുഹമ്മദ് സാജിത്ത് . എം.എ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ, ഒറ്റപ്പാലം(ഇൻ ചാർജ് ഗ്രാമ ന്യായാലയ, ശ്രീകൃഷ്ണപുരം) |
| കുറ്റാരോപിതർ | : | 1.മുഹമ്മദ് അസ്കർ, S/o നൂർ മുഹമ്മദ്, പാറക്കൽ പള്ളിയാലിൽ വീട്, കാഞ്ഞിരംപാറ, ശ്രീകൃഷ്ണപുരം,ഒറ്റപ്പാലം താലൂക്ക്.<br>2.അബ്ദുൾ അസീസ്, S/o മുഹമ്മദ് ,കല്ലൂരിക്കൽ വീട്, കാഞ്ഞിരംപാറ, ശ്രീകൃഷ്ണപുരം,ഒറ്റപ്പാലം താലൂക്ക്.<br>(Adv. P K Jayavathy for A2 as Legal Aid) |
| കുറ്റകൃത്യത്തിന്റെ വകുപ്പ് | : | ഇന്ത്യൻ ശിക്ഷാ നിയമം,341,323,294(b),506(i) r/w 34 വകുപ്പുകൾ പ്രകാരം. |
| പ്രതിയുടെ അഭ്യർത്ഥന | : | കുറ്റം ചെയ്തിട്ടുണ്ട് |
| കണ്ടെത്തൽ | : | കുറ്റക്കാരനാണ് |
| ഉത്തരവ്/ ശിക്ഷ | : | രണ്ടാം പ്രതിയെ കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും ടി പ്രതിയ്ക്ക് ഭാരതീയ ശിക്ഷാ സംഹിതയുടെ 294 (b)-ആം വകുപ്പ്പ്രകാരം 2 ദിവസത്തെ സാധാരണ തടവു ശിക്ഷയും, 323 വകുപ്പ് പ്രകാരം പ്രതിയ്ക്ക് 1000 രൂപ പിഴയും 5 ദിവസത്തെ സാധാരണ തടവു ശിക്ഷയും, പിഴയൊടുക്കിയിലെങ്കിൽ പ്രതിയ്ക്ക് 2 ദിവസത്തെ സാധാരണ തടവു ശിക്ഷയും വിധിച്ചിരിക്കുന്നു. 341 -ആം വകുപ്പ്പ്രകാരം 2 ദിവസത്തെ സാധാരണ തടവു ശിക്ഷയും 506(1) -ആം വകുപ്പ്പ്രകാരം 7 ദിവസത്തെ സാധാരണ തടവു ശിക്ഷയും വിധിച്ചിരിക്കുന്നു . |

## കുറ്റരോപിതരെ സംബന്ധിച്ചുള്ള വിവരം

| പേര് | വയസ്സ് | പിതാവിന്റെ പേര് | തൊഴിൽ | താമസ സ്ഥലം | താലൂക്ക് |
|---|---|---|---|---|---|
| A2 അബ്ദുൽഅസീസ് | 30 | മുഹമ്മദ് | കച്ചവടം | ശ്രീകൃഷ്ണപുരം | ഒറ്റപ്പാലം |

| സംഭവം നടന്നത് | പരാതി നൽകിയത് | കുറ്റരോപിതനെപിടികൂടിയത് | ജാമ്യത്തിൽ വിട്ടയച്ചത് | വിചാരണ തുടങ്ങിയത് | വിചാരണ പൂർത്തിയായത് | വിധി പ്രസ്താവിച്ചത് | കാലതാമസത്തിന്റെ വിശദീകരണം | സെക്ഷൻ428Cr.P.C യുടെ ഉദ്ദേശ്യത്തിനായി,അന്വേഷണം അല്ലെങ്കിൽ വിചാരണയ്ക്കിടെ തടങ്കലിൽ വച്ച കാലയളവ്. |
|---|---|---|---|---|---|---|---|---|
| 09-01-2020 | 10-01-2020 | 29-10-2025 | 06-11-2025 | 14-05-2026 | 14-05-2026 | 14-05-2026 | No delay | 29-10-2025 to 06-11-2025 |

ഈ വ്യവഹാരം ഇന്നേദിവസം വാദം കേട്ട് താഴെ പറയുന്ന വിധിന്യായം തുറന്ന കോടതിയിൽ (14/05/2026) പ്രസ്താവിച്ചിരിക്കുന്നു.

<u>വിധിന്യായം</u>

1.ശ്രീകൃഷ്ണപുരം പോലീസ് ഭാരതീയ ശിക്ഷാസംഹിതയുടെ 294 (b), 323 ,506(i) ,341 r/w 34 വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചേർത്ത് ക്രൈം നമ്പർ 7/2020 ആയി പതിച്ച നടപടിയിൽ നിന്ന് ഉൽഭവിച്ച വ്യവഹാരമാണിത്.

2. പ്രോസിക്യൂഷൻ കേസിന്റെ സാരാംശം ഇപ്രകാരം ആണ് :- 09.01.2020 തിയതി 17.45 മണിക്ക് ചന്തപുര, ശ്രീകൃഷ്ണപുരം, സംഗീതശില്പം കല്യാണമണ്ഡപത്തിന് മുൻപിലുള്ള റോഡിൽ ഒന്നാം സാക്ഷി കച്ചവടം ചെയ്യുകയാണെന്നു തെറ്റിദ്ധരിച്ചതിൽ ഉള്ള വിരോധത്താൽ അവരുടെ പൊതുവായ ഉദ്ദേശ്യം നടപ്പിലാക്കുന്നതിനായി ഒന്നാം പ്രതി ഒന്നാം സാക്ഷിയെ തടഞ്ഞുനിർത്തി അസഭ്യങ്ങൾ പറഞ്ഞ് കൈ കൊണ്ട് അടിക്കുകയും രണ്ടാംപ്രതി കാലുകൊണ്ട് ചവിട്ടി കൊല്ലും എന്നു പറഞ്ഞു ഭീഷണിപ്പെടുത്തുകയും ചെയ്തതിനാൽ പ്രതികൾ മേൽ വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിരിക്കുന്നു എന്നാണ് പ്രോസിക്യൂഷൻ കേസ് .

3. 29.10.2025 ന്നു രണ്ടാം പ്രതിയെ പ്രൊഡക്ഷൻ വാറണ്ടിൽ കോടതിയിൽ ഹാജരാക്കി. അന്നേ ദിവസം ടിയാനെ റിമാൻഡ് ചെയ്തു . തുടർന്ന് 06.11.2025 തീയതി ടി പ്രതിയെ ജാമ്യത്തിൽ വിട്ടിട്ടുള്ളതാണ്.

4.കുറ്റപത്രത്തിന്റെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ നൽകുകയും ചെയ്തു. അവ പൂർണ്ണവും സ്പഷ്ടവുമാണെന്ന് പ്രതി സമ്മതിച്ചതിനാൽ ഭാരതീയ നാഗരിക സുരക്ഷാ സംഹിതയുടെ 230-ആം വകുപ്പ് പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി.14.05.2026 തീയതി ടി പ്രതിയെ കോടതിയിൽ ഹാജരാക്കി.

5. രണ്ടാം പ്രതിയെ ഭാരതീയ ശിക്ഷാ സംഹിതയുടെ 323, 294 (b), 341, 506(i) r/w 34 -ആം വകുപ്പുകൾ പ്രകാരമുള്ള കുറ്റച്ചുമതലം വായിച്ചു കേൾപിച്ചു. പ്രതി കുറ്റം സമ്മതിച്ചു.പ്രതിയുടെ കുറ്റ

സമ്മതം സ്വമേധയാ ഉള്ളതാണ് എന്ന് കോടതിക്ക് ബോധ്യപ്പെട്ടു. പ്രതിയുടെ സ്വമേധയാ ഉള്ള കുറ്റസമ്മതം ഈ കോടതി അംഗീകരിച്ചു. ആയതിനാൽ ടി പ്രതിയെ ഭാരതീയ ശിക്ഷാ സംഹിതയുടെ 323, 341, 506(i) 294 (b) r/w 34-ആം വകുപ്പുകൾ പ്രകാരം കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും ഭാരതീയ നാഗരിക സുരക്ഷാ സംഹിതയുടെ 275 വകുപ്പ് പ്രകാരം ശിക്ഷിക്കുകയും ചെയ്തു .

6. 1958 ലെ പ്രൊബേഷൻ ഓഫ് ഓഫെൻഡേർസ് ആക്ട് ഈ കേസിൽ പരിഗണിക്കുന്നതിനുള്ള സാഹചര്യം ഇല്ല . കുറ്റത്തിന്റെ സ്വഭാവവും ഗൗരവവും പരിഗണിച്ചാൽ, യോജിച്ച ശിക്ഷ നൽകേണ്ടതാണ്. കേസിന്റെ നടപടികൾ നടന്ന കാലയളവിൽ പ്രതി ജുഡീഷ്യൽ കസ്റ്റഡിയിൽ ആയതിനാൽ ശിക്ഷാനയത്തിൽ ഇളവുള്ള സമീപനം സ്വീകരിച്ചിരിക്കുന്നു.

7. രണ്ടാം പ്രതിയെ കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും ടി പ്രതിയ്ക്ക് ഭാരതീയ ശിക്ഷാ സംഹിതയുടെ 294 (b)-ആം വകുപ്പ്പ്രകാരം 2 ദിവസത്തെ സാധാരണ തടവു ശിക്ഷയും, 323 വകുപ്പ് പ്രകാരം പ്രതിയ്ക്ക് 1000 രൂപ പിഴയും 5 ദിവസത്തെ സാധാരണ തടവു ശിക്ഷയും പിഴയൊടുക്കിയിലെങ്കിൽ പ്രതിയ്ക്ക് 2 ദിവസത്തെ സാധാരണ തടവു ശിക്ഷയും വിധിച്ചിരിക്കുന്നു. 341 -ആം വകുപ്പ്പ്രകാരം 2 ദിവസത്തെ സാധാരണ തടവു ശിക്ഷയും 506(1) -ആം വകുപ്പ്പ്രകാരം 7 ദിവസത്തെ സാധാരണ തടവു ശിക്ഷയും വിധിച്ചിരിക്കുന്നു . ശിക്ഷകൾ സമാന്തരമായി നടപ്പാക്കപ്പെടും. ജുഡീഷ്യൽ കസ്റ്റഡിയിൽ കിടന്ന കാലയളവായ 25-10-2025 മുതൽ 04-11-2025 വരെയുള്ള 7 ദിവസം കുറവ് ചെയ്യേണ്ടതാണ്.

ഒന്നാം പ്രതിക്കെതിരെയുള്ള കേസ് ST 37/2020 ആയി refile ചെയ്തിട്ടുള്ളതാണ്.

(എന്റെ വ്യക്തിഗത ലാപ്ടോപ്പിൽ ഞാൻ തന്നെ ടൈപ്പ് ചെയ്ത് ,ഞാൻ തന്നെ തിരുത്തി ,ഇന്ന് 2026 മെയ് മാസം 14 ആം തിയതി, തുറന്ന കോടതിയിൽ ഞാൻ പ്രസ്താവിച്ചിട്ടുള്ളതാകുന്നു).

(ഈ കേസിൽ ഈ ഉത്തരവ് തിയതി മുതൽ 30 ദിവസത്തിനുള്ളിൽ ബഹു: ജില്ലാ കോടതിയിൽ അപ്പീൽ നൽകാവുന്നതാണ്.)

ന്യായാധികാരി

ശ്രീകൃഷ്ണപുരം ഗ്രാമ ന്യായാലയ